മ ത്താ 21:33 – 44

**2023 മാർച്ച് 12**

**ഫാ. ജോമോൻ മാടവനക്കാട്**

## വചനസന്ദേശം

# നമുക്കു കാവൽക്കാരാകാം

ഇന്നത്തെ സുവിശേഷം നമ്മോട് പറയുന്നത് മനോഹരമായ ഒരു കഥയാണ്. അന്നും ഇന്നും എന്നും ഒരുപോലെ പ്രസക്തിയുള്ള ഒരു കഥ. കാവൽ ക്കാർ ആകേണ്ടവർ കവർച്ചക്കാരായി മാറിയ കഥ. യജമാനൻ പരിപാലിക്കാൻ ഏല്പിച്ച സ്ഥലം അവർ യാതൊരു മാനുഷികപരിഗണനയും ഇല്ലാതെ കവർച്ച ചെയ്യുന്നു. എത്രയോ വലിയ ക്രൂരത. ഒരിക്കലും ന്യായീകരിക്കാനാകാത്ത തെറ്റാണ് അവർ ചെയ്യുന്നത്. എന്നാൽ അവരെ കുറ്റപ്പെടുത്തുന്നതിനു മുമ്പ് നാം ഒന്ന് ആത്മശോധന ചെയ്യുന്നത് നല്ലതായിരിക്കും. കാവൽക്കാരാകേണ്ട നമ്മൾ പലപ്പോഴും കവർച്ചക്കാരായിട്ടുണ്ട്. അപരന്റെ ജീവിതത്തിൽ കാവൽ നിൽക്കേണ്ട നമ്മൾ പലപ്പോഴും അവന്റെ ജീവിതത്തെ കവർച്ച ചെയ്തിട്ടുണ്ട്.

ബൈബിളിലെ ആദിമ കുടുംബത്തിൽ തുടങ്ങുന്നതാണ് ഈ കവർച്ച, കായേൻ തന്റെ സഹോദരൻ ആബേലിനെ അടിച്ചുകൊന്നു. ദൈവം ചോദിക്കുന്നുണ്ട്: ''കായേൻ, നിന്റെ സഹോദരൻ ആബേൽ എവിടെ?'' കായേൻ ചോദിക്കുന്നു, ''ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?'' തീർച്ചയായും ''അതെ.'' എന്നാണ് ഉത്തരം. എന്റെ സഹോദരന്റെ ജീവനും സ്വത്തിനും സന്തോഷത്തിനും നന്മകൾക്കും കാവൽ നിൽക്കേണ്ടവരാണ് നാം എന്ന് ആദിമകുടുംബത്തിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്നു.

ഇന്ന് പത്രമാധ്യമങ്ങൾ വായിക്കുമ്പോഴും ആനുകാലികമായി വിശകലനം ചെയ്യുമ്പോഴും നമ്മൾ കാണുക കവർച്ചക്കാരുടെ എണ്ണം പെരുകുന്നതാണ്. സ്വർത്ഥമായ ലാഭങ്ങൾക്കുവേണ്ടി, തന്റെ വളർച്ചയ്ക്കും ആർത്തിക്കും വേണ്ടി യാതൊരു പരിഗണനയും ഇല്ലാതെ കവർച്ച ചെയ്യുന്നവരെ, അപരന്റെ ജീവനും സ്വത്തും ജീവിതവും കൊണ്ട് അമ്മാനം ആടുന്നവരെ കാണാൻ സാധിക്കും. കാവലിനു പകരം കവർച്ച കൈമുതലാക്കിയവർ.

ഒത്തിരി പ്രതീക്ഷയോടെയാണ് ആ കൃഷിത്തോട്ടം കൃഷിക്കാരെ ഏല്പിച്ചത്. ആ യജമാനൻ എന്തെല്ലാം സ്വപ്നങ്ങൾ കണ്ടിട്ടുണ്ടാകാം. എന്നാൽ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും വിപരീതമായി സംഭവിക്കുന്നു. വലിയ നന്മ പ്രതീക്ഷിച്ചു ചെയ്തത് വലിയ നഷ്ടമായി മാറി. വി. അമ്മ ത്രേസ്യ പറയുന്നുണ്ട്, ദൈവം എന്നെ ഈ ഭൂമിയിൽ നട്ടത് തേനൂറുന്ന ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഒരു മരമാകാനായിരുന്നു. ബൈബിളിൽ നാം കാണുന്നുണ്ട് ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള അവിടുത്തെ വിലാപം: ''നല്ല മുന്തിരിയാണ് ഈ ചെടിയിൽനിന്ന് പ്രതീക്ഷിച്ചത്. എന്നാൽ കാട്ടുമുന്തിരിയാണ് പുറപ്പെടുവിച്ചത്.'' എന്റെ ജീവിതം ഇങ്ങനെ ആകുന്നുണ്ടോ എന്ന് ഞാൻ ആത്മശോധന ചെയ്യണം. ഞാൻ എന്റെ യജമാനനോട് അല്ലെങ്കിൽ ദൈവത്തോട് എന്തുമാത്രം വിശ്വസ്തത പുലർത്തുന്നുണ്ട്? ഒത്തിരി കാര്യങ്ങൾക്ക് ഞാൻ ഉപകരിക്കും, അനേകർക്ക് ഞാൻ കാവാലാകും, ഞാൻ വിശ്വസിക്കാൻ കൊള്ളുന്നവനാണ് എന്നിങ്ങനെയുള്ള ദൈവത്തിന്റെ പ്രതീക്ഷയെ ഞാൻ തകിടം മറിക്കുന്നുണ്ടോ?

കാവൽക്കാരനായ സാമുവലും കവർച്ചക്കാരനായ യൂദാസും ബൈബിളിൽ ഉണ്ട്. ചിലപ്പോൾ ഒരേ സമയം നമുക്ക് കാവൽക്കാരന്റെയും കവർച്ചക്കാരന്റെയും മുഖമുണ്ടാകും. ഇസ്രയേൽ ജനത്തിന്റെ ശക്തനായ രാജാവും കാവൽക്കാരനുമായിരുന്നു ദാവിദ്. എന്നാൽ ഊറിയയുടെ ഭാര്യയെ സ്വന്തമാക്കി ചതിച്ചപ്പോൾ ദാവീദിന് ഒരു കവർച്ചക്കാരന്റെ മുഖം കൂടി കിട്ടുകയാണ്.
നമ്മുടെ ജീവിതവും ഇങ്ങനെയാണ്. ചിലപ്പോൾ നമ്മൾ കാവൽക്കാരാകും; ചിലപ്പോൾ നമ്മൾ കവർച്ചക്കാരുമാകും. ചിലപ്പോൾ നമ്മൾ ദൈവത്തോട് വിശ്വസ്തത പുലർത്തും, ചിലപ്പോൾ അവിശ്വസ്തത കാണിക്കും. ദാവിദ് തന്റെ അവിശ്വസ്തത തിരിച്ചറിയുന്നുണ്ട്. പത്രോസ് തന്റെ വീഴ്ചയിൽ നിന്ന് എഴുന്നേല്ക്കുന്നു. സുവിശേഷത്തിലെ കൃഷിക്കാർ വിശ്വസ്തതയുടെ ഒരു തരിമ്പുപോലും ഇല്ലാതെ നിരന്തരം അവിശ്വസ്തത കാണിക്കുന്നു. നമുക്ക് വിശ്വസ്തരാകാം. പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ പരിഹരിക്കാം. ആരെയും ചൂഷണം ചെയ്യുന്ന കവർച്ചക്കാരാകാതെ, കാവൽക്കാരാകാൻ പരിശ്രമിക്കാം.

എ